

**ഡോ. സുജിത് വിജയൻപിള്ള**
(സ്വതന്ത്രൻ - ചവറ)

മുൻ എം.എൽ.എ. ശ്രീ. എൻ. വിജയൻപിള്ളയുടെയും ശ്രീമതി എൽ. സുമാ ദേവിയുടെയും മകനായി 1977 മേയ് 25-ാം തീയതി കൊല്ലം ജില്ലയിലെ ചവറ എന്ന സ്ഥലത്ത് ജനിച്ചു; എം.ബി.ബി.എസ്.; ഡോക്ടർ.

**വഹിച്ച സ്ഥാനങ്ങൾ**

ഐ.എം.എ. യുടെ പ്രൊഫഷണൽ പ്രൊട്ടക്ഷൻ സ്കീമിന്റെ ഡിസ്ട്രിക്റ്റ് ഇൻ ചാർജ്ജ് (2010-2016), കൊല്ലം ഇ.എൻ.റ്റി. അസോസിയേഷൻ പ്രസിഡന്റ് (2014-2016).

ലയൺസ് ക്ലബ്: ഇന്റർനാഷണൽ ക്ലബ് പ്രസിഡന്റ്, സെക്രട്ടറി, സോൺ ചെയർപേഴ്സൺ, ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ (ഡയബറ്റിസ്) (2016-2021).

വിജയൻപിള്ള ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി (2020-2021), കൊല്ലം ജില്ലാ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് (2020-2021).

ലയൺസ് ക്ലബ് ലീഡർ എന്ന നിലയിൽ ചവറ വിദ്യാഭ്യാസ ഉപജില്ലയിലെ മുഴുവൻ സ്കൂൾ കുട്ടികളിലും 7 വർഷം സൗജന്യ നേത്രപരിശോധന നടത്തി ആവശ്യമുള്ളവർക്ക് കണ്ണടകൾ വിതരണം ചെയ്തു. 2020-21 വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ 270 പ്രമേഹ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. കഴിഞ്ഞ 10 വർഷമായി ചവറയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. നാഷണൽ ഇനിഷ്യേറ്റീവ്

ഫോർ സെയിഫ് സൗണ്ട് എന്ന സംഘടനയുടെ കൊല്ലം ജില്ലാ കൺവീനർ എന്ന നിലയിൽ ശബ്ദമലിനീകരണം എന്ന വിഷയത്തിൽ സ്കൂൾ, കോളേജ് കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

ചവറ നിയോജകമണ്ഡലത്തിൽ നിന്നും 2021-ൽ 15-ാം കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഹിന്ദി, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി പാർവ്വതിപിള്ള |
| കുട്ടികൾ | : | മാസ്റ്റർ ഋഷികേശ് നാരായണൻ |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | സിംഗപ്പൂർ, മലേഷ്യ, തായ്‌ലന്റ്, ഫ്രാൻസ്, സ്വിറ്റ്സർലന്റ്, ഇറ്റലി, ശ്രീലങ്ക, ഇംഗ്ലണ്ട്. |
| ശീലങ്ങൾ | : | വായന |
| വിനോദം | : | ക്രിക്കറ്റ്, ബാറ്റ്മിന്റൺ |
| സ്ഥിരമേൽവിലാസം | : | 'വിജയശ്രീ', മടപ്പള്ളി,<br>മുകുന്ദപുരം പി.ഒ.,<br>ചവറ, കൊല്ലം-691 585. |
| ഇ-മെയിൽ | : | drsujithvijayanpillai@gmail.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| ഓഫീസ് | : | 0471-2512491 |
| | | 0476-2687700 |
| മൊബൈൽ | : | 94470 74190 |
| | | 94951 74310 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,82,312 |
| വോട്ടു ചെയ്തവർ | : | 1,42,880 |
| ഡോ. സുജിത് വിജയൻപിള്ള (സ്വതന്ത്രൻ) | : | 63,282 |
| ശ്രീ. ഷിബു ബേബി ജോൺ (ആർ.എസ്.പി.) | : | 62,186 |
| ശ്രീ. വിവേക് ഗോപൻ (ബി.ജെ.പി.) | : | 14,211 |